പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1304 30/01/2018-ൽ മറുപടിക്ക്

## നിയമന അംഗീകാരം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി.ടി.എ റഹീം: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 1979-ന് മുമ്പുള്ള എയ്ഡഡ് സ്കൂളുകളിൽ 2016 ജൂൺ 1 മുതൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 22/05/1979 ന് മുമ്പ് ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ 1/6/2016 മുതൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന വിഷയത്തിൽ നിലവിൽ യാതൊരു വിധത്തിലുള്ള തടസ്സങ്ങളുമില്ല. കെ.ഇ.ആർ അധ്യായം XXI, ചട്ടം 7(2) പ്രകാരം 29/1/2016 മുതലുള്ള അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനെ കൂടി നിയമിക്കാൻ മാനേജർ ബാധ്യസ്ഥനാണ്. 3/12/2016 ലെ ജി.ഒ (പി) നം. 199/2016/പൊവിവ പ്രകാരമുള്ള ഈ കെ.ഇ.ആർ ഭേദഗതി 11/10/2017 ലെ വിധിന്യായത്തിലൂടെ (റിട്ട് ഹർജി നം. 1356/16 തുടങ്ങിയ കേസുകൾ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ശരി വച്ചിരുന്നു. ഇതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച റിട്ട് അപ്പീൽ നം. 2440/17 തുടങ്ങിയ കേസുകളിൽ 19/12/2017 നുണ്ടായ ഇടക്കാല വിധിയിൽ 'തൽസ്ഥിതി' തുടരാൻ ബഹു. കോടതി കല്പിച്ചിട്ടുണ്ട്. |
| (ബി) 2016 ഡിസംബർ 3-ലെ സ.ഉ (പി) നം. 199/2016/പൊ.വി.വ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി അനുസരിച്ച് 1:1 എന്ന അനുപാതത്തിൽ രണ്ട് അദ്ധ്യാപക തസ്തികകൾ ഒരു സ്കൂളിൽ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുണ്ടെങ്കിൽ ഒന്നാമത്തേത് സർക്കാരിനും രണ്ടാമത്തേത് മാനേജർക്കും എന്നത് 2016 ജൂണിൽ അധിക തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുന്നതിന് തടസ്സമാകുമോ; പ്രസ്തുത ഭേദഗതിക്ക് മുൻകാല പ്രാബല്യമുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ; | (ബി) കെ.ഇ.ആർ ഭേദഗതി ഉത്തരവിന് 29/1/2016 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. അധിക തസ്തികകളിലെ നിയമനങ്ങൾക്കുള്ള 1:1 എന്ന അനുപാതം 29/1/2016 മുതലുള്ള നിയമങ്ങൾക്ക് ബാധകമാണ്. ഈ അനുപാതം പാലിക്കാതെ അധിക തസ്തികകളിൽ 1/6/2016 മുതൽ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകാരത്തിന് അർഹമല്ല. |

(സി) 2016 ജൂൺ 1 മുതൽ അധിക തസ്തികയിൽ നിയമിതരായവരിൽ കെ-ടെറ്റ് യോഗ്യതയുള്ളവർക്ക് നിയമന അംഗീകാരം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

(സി) തടസ്സമുണ്ട്. കെ.ഇ.ആർ അധ്യായം XXI, ചട്ടം 7(2) പ്രകാരമുള്ള 1:1 അനുപാതം പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെങ്കിൽ മാത്രമേ അംഗീകാരം ലഭിക്കൂ.

സെക്ഷൻ ഓഫീസർ